"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - എറണാകുളം ജില്ല - പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസിലെ മുൻ ക്ലാർക്ക് ശ്രീ.കെ എം മക്കാർ സമർപ്പിച്ച അപേക്ഷയിലെ ആവശ്യം നിരസിച്ചും WP(C)No.1345/2023 -നുമേലുള്ള ബഹു.കേരള ഹൈക്കോടതിയുടെ വിധിന്യായം പാലിച്ചും ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1090/2026/LSGD തീയതി,തിരുവനന്തപുരം, 02-06-2026

---

പരാമർശം:-

1. പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 10.01.1994ലെ 17(2)1994 നമ്പർ തീരുമാനം
2. പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 7/7/2022ലെ A1-2523/21 നമ്പർ കത്ത്
3. പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 05.11. 2022ലെ 5(3) നമ്പർ തീരുമാനം (Ext, P5)
4. WP(C) No. 1345/ 2023 -നുമേലുള്ള ബഹു.കേരള ഹൈക്കോടതിയുടെ 06.03.2026ലെ വിധിന്യായം
5. 23.03.2026ൽ ലഭ്യമായ ശ്രീ.കെ എം മക്കാർ സമർപ്പിച്ച നിവേദനം

**ഉത്തരവ്**

എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസിലെ മുൻ ക്ലാർക്ക് ശ്രീ.കെ എം മക്കാർ ഫയൽ ചെയ്ത WP(C)No.1345/2023 നമ്പർ കേസിന്മേലുള്ള ബഹു.കേരള ഹൈക്കോടതിയുടെ പരാമർശം (4) പ്രകാരമുള്ള വിധിന്യായത്തിൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവായിട്ടുണ്ട്.

**"..... In such circumstances, this Writ Petition would stand disposed of , directing the petitioner to file a representation to the Government relying on Ext, P5 resolution, within a period of three weeks from today. If Such a representation is being filed, the Government shall consider the same and pass orders within four months from the date of receipt of a copy of this judgment. "**

2. പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ പരാമർശം (3) പ്രകാരമുള്ള

തീരുമാനമാണ് **Ext, P5.** ടി തീരുമാനം ചുവടെ ചേർക്കും പ്രകാരമാണ്.

" ശ്രീ കെ എം മക്കാർ എന്നയാൾ സമർപ്പിച്ച അപേക്ഷയും അനുബന്ധ കമ്മിറ്റിയിൽ വായിച്ച് വിശദമായി ചർച്ച ചെയ്തു. ശ്രീ കെ എം മക്കാർ എന്നിവർ പല്ലാരിമംഗലംഗ്രാമപഞ്ചായത്തിൽ **3/5/1989** മുതൽ **9/11/1995** വരെ സേവനമനുഷ്ഠിച്ചിട്ടുള്ളതാണ്. **1991-92** കാലയളവ് മുതൽ തുടർച്ചയായി മൂന്ന് സാമ്പത്തിക വർഷങ്ങളിലും **100%** നികുതി പിരിവു പൂർത്തീകരിച്ചതിനാൽ ഈ നേട്ടത്തിനായി പ്രവർത്തിച്ച ഉദ്യോഗസ്ഥർക്ക് അവാർഡനായി രണ്ട് അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ച് നൽകാൻ പഞ്ചായത്ത് വകുപ്പ് മന്ത്രിയോട് അഭ്യർത്ഥിച്ചു കൊണ്ട് **10/01/1994**ലെ **17(2)** നമ്പർ പ്രകാര പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് തീരുമാനം എടുത്തിട്ടുള്ളതാണെന്നും ആയതിൻ പ്രകാരം തനിക്ക് രണ്ട് ഇൻക്രിമെന്റ് അനുവദിച്ച് തരുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും കാണിച്ച് ശ്രീ കെ എം മക്കാർ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ.കെ.റ്റി.ജലീൽ അവർകൾക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും തുടർന്ന് ആയതിമേൽ ബഹു പഞ്ചായത്ത് ഡയറക്ടർ **10/6/2022** ലെ **PAN/10675/2021-E6(DP)** നമ്പർ കത്ത് പ്രകാരം ടിയാന്റെ കാലയളവിൽ ആർക്കെങ്കിലും ഇൻക്രിമെന്റ് നൽകിയിട്ടുണ്ടോ എന്നതിൽ പഞ്ചായത്തിന്റെ റിപ്പോർട്ട് ആവശ്യപ്പെടുകയും **7/7/2022**ൽ **A1-2523/21** നമ്പർ കത്ത് പ്രകാരം ഈ ഓഫീസിൽ ജോലി ചെയ്തു ആർക്കും സ്പെഷ്യൽ ഇൻക്രിമെന്റ് അനുവദിച്ചിട്ടില്ല എന്ന് പഞ്ചായത്ത് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായും കാണുന്നു. എന്നാൽ ആയതിൽ മേലുള്ള തുടർനടപടികളെ കുറിച്ചുള്ള വിവരം പഞ്ചായത്തിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ അപേക്ഷകന്റെ ആവശ്യം പരിഗണിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളോട് യോഗം അഭ്യർത്ഥിച്ച് തീരുമാനിച്ചു."

**3.** പരാമർശം **(4)** വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ.കെ എം മക്കാർ പരാമർശം **(5)** പ്രകാരം നിവേദനം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനത്തിൽ ടിയാൻ ചുവടെ ചേർക്കും പ്രകാരം ബോധിപ്പിച്ചിട്ടുണ്ട്.

ശ്രീ.കെ എം മക്കാർ **1989** മുതൽ **1995** വരെ എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിലാണ് ജോലി നോക്കിയിരുന്നതെന്നും ആ കാലയളവിൽ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന് സംസ്ഥാനത്തു ആദ്യമായി **100%** നികുതി പിരിവ് നാലാം തവണയും മാർച്ച് **31**-ന് പൂർത്തി ആക്കേണ്ട നികുതി പിരിവ് രണ്ട് മാസവും അഞ്ച് ദിവസവും മുൻപ് നാലാം തവണയും ജനുവരി **25** ന് പൂർത്തി ആക്കുകയാണുണ്ടായതെന്നും അങ്ങനെ നാലാം വർഷം ജനുവരി **25** ന് നികുതി പിരിവ് പൂർത്തീകരിച്ചതിന് സംസ്ഥാനത്ത് നികുതി പിരിവിൽ ഒന്നാം സ്ഥാനം പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന് ലഭിക്കുകയും, ആ ബഹുമതി കണക്കിലെടുത്ത് ഗവൺമെന്റിൽ നിന്നും പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന് അന്നത്തെ കണക്കിന് നല്ലൊരു ഫണ്ട് ഗ്രാന്റ് ആയി ലഭിച്ചിട്ടുള്ളതുമാണെന്നും കൂടാതെ ഗവൺമെന്റിൽ നിന്നും പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന് സ്വർണ്ണമെഡലും ലഭിക്കുകയുണ്ടായെന്നും മേൽപ്പടി സ്വർണ്ണ മെഡൽ സംസ്ഥാന

പഞ്ചായത്ത് ദിനാഘോഷ സമ്മേളന പരിപാടിയിൽ വച്ച് പല്ലാരിമംഗലം പഞ്ചായത്ത് പ്രസിഡന്റ് ഏറ്റു വാങ്ങിയിട്ടുള്ളതും ആയത് പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാകുന്നുവെന്നും 1978-ൽ രൂപീകൃതമായ സെക്കന്റ ഗ്രേഡ് പഞ്ചായത്തായ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിൽ അന്ന് അഞ്ചു ജീവനക്കാരാണ് ഉണ്ടായിരുന്നതെന്നും പഞ്ചായത്ത് പ്രസിഡന്റിന്റെ അഭിപ്രായം മാനിച്ചാണ് നികുതി പിരിവിന്റെ കാര്യത്തിൽ അങ്ങനെ ഒരു ശ്രമകരമായ കാര്യത്തിന് തയ്യാറായതെന്നും രാത്രിയിലും അവധി ദിവസങ്ങളിലും മറ്റും ദൃഢ നിശ്ചയത്തോടെ ജോലി ചെയ്തത് കൊണ്ടാണ് അന്ന് പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന് നികുതി പിരിവിന്റെ കാര്യത്തിൽ സംസ്ഥാനത്ത് ഒന്നാം സ്ഥാനത്ത് എത്താൻ സാധിച്ചതെന്നും മേൽ നേട്ടങ്ങൾ കണക്കിലെടുത്ത് ബഹുമാനപ്പെട്ട പഞ്ചായത്ത് കമ്മിറ്റി നികുതി പിരിവിന്റെ കാര്യത്തിൽ കഠിന പ്രവർത്തനം നടത്തിയ പഞ്ചായത്തിലെ ജീവനക്കാരായ ഉദ്യോഗസ്ഥർക്ക് അവാർഡായി രണ്ട് അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പ് മന്ത്രി അവർകളോട് അപേക്ഷിക്കുകയുണ്ടായെന്നും ടി അപേക്ഷക്ക് അഞ്ച് വർഷം കഴിഞ്ഞിട്ടും ഒരറിയിപ്പും കിട്ടാതായപ്പോൾ ടിയാൻ സ്വന്തമായി പഞ്ചായത്ത് വകുപ്പ് മന്ത്രിക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ കോപ്പി സഹിതം വീണ്ടും അപേക്ഷ നൽകിയെന്നും ആയതിനും ഒരറിയിപ്പും കിട്ടിയില്ലെന്നും വീണ്ടും 22.08.2026-ൽ പഞ്ചായത്ത് വകുപ്പ് മന്ത്രി അവർകൾക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് സഹിതം കൊടുത്ത അപേക്ഷയിൽ ഉദ്ദേശം അഞ്ചു വർഷം കഴിഞ്ഞ് ബഹുമാനപ്പെട്ട പഞ്ചായത്ത് ഡയറക്ടർ ആഫീസിൽനിന്നും പഞ്ചായത്തിലേക്ക് റിപ്പോർട്ട് ചോദിച്ചതനുസരിച്ച് എല്ലാ രേഖകളും സഹിതം പഞ്ചായത്ത് ഡയറക്ടർക്ക് ആഫീസിൽ റിപ്പോർട്ട് എത്തുകയും ആയത് PAN/10675-E6 (DP)-ഠഠ നമ്പറായി ബഹുമാനപ്പെട്ട ഗവൺമെന്റിലേക്ക് അനുകൂലമായ റിപ്പോർട്ട് അയക്കുകയുണ്ടായെന്നും ആയത് അവിടെ ചുവപ്പ് നാടയിൽ കുടുങ്ങുകയാണ് ഉണ്ടായതെന്നും കൊല്ലങ്ങൾ കഴിഞ്ഞിട്ടും യാതൊരു നടപടിയും ഉണ്ടാകാതിരുന്നതിനാൽ ടിയാൻ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി മുൻപാകെ WP(C)1345/2023 ആയി കേസ് ഫയൽ ചെയ്യുകയുണ്ടായെന്നും ടിയാൻ 76 വയസ്സുള്ള പഞ്ചായത്ത് വകുപ്പിൽ നിന്നും പെൻഷൻ പറ്റിയ രോഗിയായ ആളാണെന്നും കിഡ്നി സംബന്ധിച്ചും ക്രിയാറ്റിൻ സംബന്ധമായും, പ്രമേഹ സംബന്ധമായും, മൂത്രാശയ രോഗങ്ങൾ കൊണ്ടും, മറ്റുമുള്ള രോഗങ്ങൾ കൊണ്ടും കഷ്ടപ്പെടുന്നയാളാണെന്നും ടിയാന്റെ ഭാര്യയുടെ ക്യാൻസർ രോഗ ചികിത്സയുടെ ആവശ്യത്തിലേക്ക് ആയി രണ്ടായിരത്ത് പതിനാല് മുതൽ ഉദ്ദേശം പതിനഞ്ച് ലക്ഷം രൂപയോളം ചിലവ് വന്നിട്ടുള്ളതാണെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. കൂടാതെ മേൽ സാമ്പത്തിക ശാരീരിക പ്രയാസങ്ങൾ കണക്കിലെടുത്തും പരാമർശം (4) വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും ടി കാര്യത്തിൽ എത്രയും വേഗം ഒരു ഉത്തരവ് പാസ്സാക്കി ടിയാന് ലഭിക്കേണ്ടതായ രണ്ട് അഡ്വാൻസ് ഇൻക്രിമെന്റും മറ്റ് ആനുകൂല്യങ്ങളും മുൻകാല

പ്രാബല്യത്തോടെ അനുവദിക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) തീരുമാനം പ്രകാരം സംസ്ഥാനത്ത് ആദ്യമായി തുടർച്ചായി 3 വർഷം നികുതി പിരിവ് പൂർത്തിയാക്കിയ പഞ്ചായത്തെന്ന ബഹുമതി പല്ലാരിമംഗലം പഞ്ചായത്തിന് ലഭിക്കുന്നതിന് നേതൃത്വം നൽകിയ എക്സി.ഓഫീസർ ശ്രീ.പി എൻ അബൂബേക്കർ സിദ്ദിക്ക് , യു ഡി ക്ലാർക്ക് ശ്രീ.പി പി ജോയ് , എൽ ഡി ക്ലാർക്ക് ശ്രീ. കെ എം മക്കാർ , ജൂനിയർ ബിൽകളക്ടർ ശ്രീ. കെ എൻ തുളസീദാസ് , എന്നിവരെ അഭിനന്ദിക്കുന്നതിനും ടി ഉദ്യോഗസ്ഥൻമാർക്കെല്ലാം അവാർഡായി രണ്ട് അഡ്വാൻസ് ഇൻക്രിമെന്റും അനുവദിച്ച് നൽകുവാൻ ബഹു.പഞ്ചായത്ത് വകുപ്പ് മന്ത്രിയോട് അപേക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടായിരുന്നു. പരാമർശം (1) ന്റെ അടിസ്ഥാനത്തിൽ അപേക്ഷകനായ ശ്രീ. കെ എം മക്കാർ-ന് രണ്ട് ഇൻക്രിമെന്റ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം എന്ന ആവശ്യം പരിഗണിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളോട് പരാമർശം (3) തീരുമാനം പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിൽ തന്നെ പരാമർശം (2) പ്രകാരം പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്ത ആർക്കും സ്പെഷ്യൽ ഇൻക്രിമെന്റ് അനുവദിച്ചിട്ടില്ലെന്ന് ടി പഞ്ചായത്ത് റിപ്പോർട്ട് നൽകിയിട്ടുള്ളതായും പരാമർശിക്കുന്നുണ്ട്. 100 ശതമാനം നികുതി പിരിവെന്നത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ സ്വാഭാവികമായ കർത്തവ്യം (normal duty ) മാത്രമാണ്. പരാമർശം (1) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകനായ ശ്രീ. കെ എം മക്കാർ ഉൾപ്പെടെ ആർക്കും നാളിതു വരെ സ്പെഷ്യൽ ഇൻക്രിമെന്റ് അനുവദിച്ചിട്ടില്ല. ആയതിനാൽ ടി പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരമുള്ള ശിപാർശ സർക്കാർ അംഗീകരിച്ചിട്ടില്ലാത്തതാണ്.

5.മേൽ സാഹചര്യത്തിൽ പരാമർശം (5) നിവേദനത്തിലെ ആവശ്യം നിരസിച്ചും മേൽപ്രകാരം ബഹു.കേരള ഹൈക്കോടതിയുടെ പരാമർശം (4) വിധിന്യായം പാലിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.ശ്രീ.കെ എം മക്കാർ , കാഞ്ഞിരമുകളേൽ , കൂവള്ളൂർ പി ഒ , കോതമംഗലം, എറണാകുളം -686671
2.അഡ്വക്കേറ്റ് ജനറൽ , കേരള , എറണാകുളം,(ആമുഖകത്ത് സഹിതം)
3.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
4.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്)കേരള.തിരുവനന്തപുരം/തൃശ്ശൂർ
5.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് , എറണാകുളം
(തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

**6.**സെക്രട്ടറി, പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

**7.**ധനകാര്യ വകുപ്പ് **(19.05.2026** ലെ **Dev-5/257/2022-Fin(E:2189114)** നമ്പർ യു ഒ റിമാർക്സ് പ്രകാരം)

**8.**ഡയറക്ടർ, ഐ കെ എം

**9.**ഇൻഫർമേഷൻസ് **&** പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് **&** ന്യൂ മീഡിയ ഡിവിഷൻ)

**10.**കരുതൽ ഫയൽ (ഫയൽ നം.**127**/ഇപിഎ**1/2023-**എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 02-06-2026 15:20:13
സെക്ഷൻ ഓഫീസർ